(ബി) നടപടികൾ സ്വീകരിച്ചുവരുന്നു. ഇക്കാര്യത്തിൽ ഓരോ വകുപ്പിലും സ്വീകരിച്ച നടപടികൾ റിപ്പോർട്ട് ചെയ്യാൻ 22-5-2010-ലെ ഗവൺമെന്റ് സർക്കുലർ നമ്പർ 5308/എ.ആർ.12(1)/2010/ ഉ.ഭ.പ.വ. മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ 'പൗരാവകാശ രേഖ' ഉൾപ്പെടെയുള്ള ഭരണ പരിഷ്ക്കാര കമ്മിറ്റി ശുപാർശകൾ നടപ്പിലാക്കുന്നത് നിരീക്ഷിക്കാൻ ഒരു മോണിറ്ററിംഗ് കമ്മിറ്റിയെയും തീരുമാനിച്ചിട്ടുണ്ട്.

സർക്കാർ പരസ്യങ്ങൾക്ക് ചെലവഴിച്ച തുക

31 (2505) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഗവൺമെന്റിന്റെ കീഴിലെ വിവിധ പദ്ധതികളുടെ ഉദ്ഘാടനം, ഭരണ വാർഷിക പരിപാടികൾ, സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് മന്ത്രിമാർ പങ്കെടുക്കുന്ന പരിപാടികൾ എന്നിവ സംബന്ധിച്ച് വിവിധ വാർത്താ മാധ്യമങ്ങളിലൂടെ പി.ആർ.ഡി. വഴി നൽകിയിട്ടുള്ള പരസ്യങ്ങൾക്കുവേണ്ടി, ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തു തുക ചെലവഴിച്ചിട്ടുണ്ട് ;

(ബി) ഇത്തരം പരസ്യങ്ങൾ പി.ആർ.ഡി. വഴിയല്ലാതെ നൽകാൻ ഏതെങ്കിലും സ്ഥാപനത്തിനോ, ഏജൻസിക്കോ അനുമതി നൽകിയിട്ടുണ്ടോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നൽകിയ പരസ്യങ്ങളുടെ കുടിശ്ശികയിനത്തിൽ ഇനി തുകയെന്തെങ്കിലും നൽകാനുണ്ടോ ; എങ്കിൽ എന്തു തുക ഇനിയും നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇനിയും ഈ ഇനത്തിൽ തുക നൽകാനുണ്ടെങ്കിൽ അത് നൽകാതിരിക്കാൻ എന്തെങ്കിലും കാരണമുണ്ടോ എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഡിസ്പ്ലേ പരസ്യങ്ങൾക്കായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചെലവഴിച്ച തുകയുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) അനുമതി നൽകിയിട്ടില്ല.

(സി & ഡി) ഉണ്ട്. പരസ്യക്കുടിയായി ഉദ്ദേശം 10 കോടി രൂപയോളം നൽകാനുണ്ട്. നടപ്പുവർഷത്തെ നിരക്ക് പരിഷ്കരണ നടപടി 2010 ഡിസംബറിൽ ആണ് പൂർത്തിയായത്. അതിനുശേഷമാണ് മാധ്യമങ്ങൾ ബില്ല് സമർപ്പിക്കപ്പെട്ടിട്ടുള്ളത്. ടി കാരണത്താലാണ് തുക നൽകുന്നതിന് കാലതാമസം നേരിടുന്നത്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly